ജന്മഭൂമി

29 July 2017

# ദേശീയ വിത്തുമത്സ്യ ബാങ്കുകൾ വരുന്നു

**കൊച്ചി:** ദേശീയതലത്തിൽ വിത്തുമത്സ്യ ബാങ്കുകൾ (ബ്രൂഡ് ബാങ്ക്) സ്ഥാപിക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) കേന്ദ്ര സർക്കാർ ഒമ്പത് കോടി രൂപ അനുവദിച്ചു. മോദ, വറ്റ എന്നീ കടൽ മീനുകളുടെ വിത്തുമത്സ്യ ബാങ്കുകൾ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമാണ് സഹായം.

പ്രജനനത്തിന് പാകമായ മത്സ്യങ്ങളുടെ ശേഖരമാണ് വിത്തുമത്സ്യ ബാങ്ക്. കടൽ മീനുകളുടെ കൃഷി ജനകീയമാക്കുന്നതിനായി സിഎംഎഫ്ആർഐ സമർപ്പിച്ച വിത്തുൽപാദന വികസന പദ്ധതിക്കാണ് കേന്ദ്രം അംഗീകാരം നൽകിയത്.

സിഎംഎഫ്ആർഐയുടെ മണ്ഡപം, വിഴിഞ്ഞം ഗവേഷണ കേന്ദ്രങ്ങളിലാണ് മാതൃമത്സ്യബാങ്ക് സ്ഥാപിക്കുന്നത്. കൂടാതെ, പദ്ധതിയുടെ ഭാഗമായി പ്രാദേശിക വിത്തുൽപാദന കേന്ദ്രങ്ങൾ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും സ്ഥാപിക്കും. വിത്തുൽപാദനത്തിനാവശ്യമായ എല്ലാ സംവിധാനങ്ങളും വിത്തുമത്സ്യ ബാങ്കിലുണ്ടാകും.

ഗുണനിലവാരമുള്ള മത്സ്യവിത്തുകളുടെ ദൗർലഭ്യം സമുദ്രകൃഷി വ്യാപനത്തിന് തടസ്സമാകുന്ന സാഹചര്യത്തിലാണ് പുതിയ വിത്തുൽപാദന സംവിധാനം. കൂട് മത്സ്യ കൃഷിക്ക് ഏറെ അനുയോജ്യമായ മോദ, വറ്റ മീൻ കുഞ്ഞുങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും ആവശ്യമായ തോതിൽ ലഭ്യമാക്കുകയാണ് പുതിയ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അറിയിച്ചു.

ഈ സംവിധാനം വരുന്നതോടെ, കൃഷിയിറക്കാൻ പാകമായ 10 ദശലക്ഷം വറ്റ മീൻ കുഞ്ഞുങ്ങളും 3 ദശലക്ഷം മോദ മീൻകുഞ്ഞുങ്ങളും ഉൽപാദിപ്പിക്കാനാകും. ഇവയുടെ കൂടുമത്സ്യകൃഷി ഇതോടെ വൻതോതിൽ വ്യാപിക്കാൻ ഇത് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐയുടെ മണ്ഡപം ഗവേഷണ കേന്ദ്രത്തെ കൂടുമത്സ്യകൃഷിയുടെ നോഡൽ ഹബ്ബാക്കി മാറ്റും. രാജ്യത്തിന്റെ എല്ലാ ഭാഗത്തേക്കും കൃഷിക്ക് ആവശ്യമായ മീൻകുഞ്ഞുങ്ങളെ ഇവിടെ നിന്ന് വിതരണം ചെയ്യും. പ്രാദേശിക മീൻവിത്തുൽപാദന കേന്ദ്രങ്ങളിലൂടെയാണ് വിതരണം നടത്തുക. രാജ്യത്തെ കൂടുമത്സ്യ കൃഷിയുടെ നോഡൽ കേന്ദ്രമായി മണ്ഡപം മാറുന്നത് കൂടുമത്സ്യകൃഷി രംഗത്ത് കേരളത്തിന് മികച്ച സാധ്യത നൽകും. നിലവിൽ ആയിരത്തിലധികം കൂടുമത്സ്യകൃഷി സംരംഭങ്ങൾ ഇന്ത്യൻ സമുദ്രതീരങ്ങളിലുണ്ട്.

കടലിലെ കൂടു മത്സ്യകൃഷി വ്യവസ്ഥാപിതമാക്കുന്നതിന് ദേശീയ സമുദ്രകൃഷി നയത്തിന്റെ കരട് രൂപം സിഎംഎഫ്ആർഐ തയ്യാറാക്കി വരികയാണ്. വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമായി ആശയവിനിമയം നടത്തിയാണ് കരട് തയ്യാറാക്കുന്നത്. കൂടുമത്സ്യകൃഷി രംഗത്ത് വൻതോതിൽ നിക്ഷേപങ്ങൾ വരുന്നതിന് സമഗ്രമായ സമുദ്രകൃഷി നയം ആവശ്യമാണ്.